ഇൻഡ്യാ ദൈവസഭ

# സുവിശേഷധ്വനി

വാല്യം 27 | 1977 ജനുവരി & ഫെബ്രുവരി | ലക്കം 1&2

പത്രാധിപ ലേഖനം

## വേർപെട്ട ജനങ്ങളുടെ നടുവിൽ

# വീണ്ടും ചത്ത കർമ്മങ്ങളോ?

ഹിന്ദുമതത്തിൽ ഒരു പ്രസിദ്ധമായ പ്രാർത്ഥനയുണ്ട്. അതിലെ ചില വരികൾ ഇങ്ങനെയാണ്.

'പാപോഹം, പാപ കർമ്മോഹം
പാപാത്മാ പാപസംഭവ:'

അർത്ഥം ഇങ്ങനെ സംഗ്രഹിക്കാം. ഞാൻ പാപത്തിൽ പിറന്നവനും പാപ സ്വഭാവിയും പാപ കർമ്മിയും ആകുന്നു. ഇങ്ങനെ പാടിയശേഷം എന്നെ രക്ഷിക്കണമേ എന്ന് ഭക്തൻ ദയനീയമായി ഈശ്വരനോട്ട് വിളിച്ചു കേഴുന്നു. മലിനജലത്തിൽ വസ്ത്രം എത്രനാൾ അലക്കിയാലും വെളുപ്പിക്കാൻ കഴിയാത്തതുപോലെ പാപ സ്വഭാവിയായ മനുഷ്യൻ എത്ര സൽകർമ്മങ്ങൾ ചെയ്താലും അവയെല്ലാം പാപ പങ്കിലമായിരിക്കും. കയ്പുറവയിൽ നിന്ന് മാധുര്യം പുറപ്പെടുമോ? ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴം പറിക്കാമോ? എന്നിങ്ങനെ വിശുദ്ധയാക്കോബും ചോദിച്ചിരിക്കുന്നു. അതേ, അതസാദ്ധ്യം തന്നെ. നാൽപതാം സങ്കീർത്തനത്തിൽ കുഴഞ്ഞ ചേററിൽ ആഴക്കുഴിയിൽ കരകയറാൻ കഴിയാതെ നിരാശനായി നിലവിളിക്കുന്ന സങ്കീർത്തനക്കാരൻെറ സാക്ഷ്യം കേൾക്കുക. അവൻ എങ്കലേക്ക് ചാഞ്ഞ് എൻെറ നിലവിളി കേട്ടു. എന്നെ കയററി എൻെറ കാലുകളെ പാറമേൽ നിർത്തി. ഇതാണ് സത്യം. ഏതു മനുഷ്യനും പാപസ്വഭാവിയാകയാൽ അവൻെറ പ്രവൃത്തി അപൂർണ്ണമായിരിക്കും. പരിപൂർണ്ണനായ ദൈവത്തിനു മാത്രമേ ഒരു പൂർണ്ണമായ കർമ്മം അഥവാ ലോക പരിത്രാണനകൃത്യം ചെയ്യുവാൻ കഴിയൂ. ഇതാണ് ലോക ഗുരുക്കന്മാരുടെ മതങ്ങളും ശ്രീയേശു നാഥൻെറ മാർഗ്ഗവും തമ്മിലുള്ള വ്യത്യാസം. ഹിന്ദു

മതം പരസ്പര വിരുദ്ധങ്ങളായ മതചിന്തകളുടെ കേളീരംഗമാണ്. മതസ്ഥാപകരായ രാമകൃഷ്ണ പരമഹംസൻ, വിവേകാനന്ദൻ, ശങ്കരാചാര്യർ തുടങ്ങിയ പണ്ഡിതന്മാരെ പരിശോധിച്ചാൽ മനുഷ്യ സഹജമായ അപൂർണ്ണതകളും അബദ്ധങ്ങളും മററും ധാരാളം അവരിൽ കണ്ടെത്താൻ കഴിയും. ജീവിതത്തെ സത്യാന്വേഷണത്തിന്റെ പരീക്ഷണ വേദിയായി ഉപയോഗിച്ച മഹാത്മഗാന്ധിപോലും ഞാൻ ഇതുവരെ സത്യം കണ്ടെത്തിയിട്ടില്ല എന്നു് ആത്മകഥയിൽ അത്മരോദനം ചെയ്യുന്നു. മനുഷ്യൻ എത്ര വലിയവൻ ആയാലും അവൻ സൃഷ്ടിയെങ്കിൽ സൃഷ്ടാവിനാൽ മാത്രം സാദ്ധ്യമായ രക്ഷാകർമ്മം അവനാൽ അസാദ്ധ്യമത്രെ. ഒരർത്ഥത്തിൽ വേദാന്തം മനുഷ്യനാശം അല്ലാതെ രക്ഷപഠിപ്പിക്കുന്നുപോലുമില്ല. വിവേകാനന്ദന്റെ സഹപ്രവർത്തകനായ നിർമ്മലാനന്ദ സ്വാമികൾ പറയുന്നതു് പൂജയെക്കാൾ ജപവും ജപത്തേക്കാൾ ധ്യാനവും പ്രധാനം എന്നാണ്. അങ്ങനെയെങ്കിൽ സത്യദൈവത്തെ മനസ്സുയർത്തി ധ്യാനിക്കുന്നതിനു പകരം കർമ്മങ്ങൾക്കു് അവയിൽ തന്നെവിലയുണ്ടെന്നുള്ള നാട്യത്തിൽ ലോക മതങ്ങൾ ചെയ്തു കൂട്ടുന്ന കർമ്മബഹളങ്ങൾ കേവലം ഭ്രാന്തു് എന്നല്ലാതെ മറെറാന്നുമല്ല. പ്രവർത്തികളാൽ ഒരു ജഡവും ദൈവമുൻപാകെ നീതീകരിക്കപ്പെടുന്നില്ല, പ്രത്യുത സമ്പൂർണ്ണസമർപ്പണത്തോടും ആശ്രയത്തോടും കൂടിയ ദൈവഭക്തി മൂലം കൃപയാൽ വിശ്വാസത്താൽ സൗജന്യമായി പാപി നീതീകരിക്കപ്പെടുന്നു എന്ന വേദപുസ്തകത്തിന്റെ ദിവ്യ വെളിപാടിനെ മറികടക്കുവാൻ ലോകത്തിൽ ഒരു താത്വികനും ഇതുവരെ ജനിച്ചിട്ടില്ല, ഇനി ജനിക്കാനും പോകുന്നില്ല. വിശുദ്ധ പൗലോസും പറയുന്നതു് കൃപയാലെങ്കിൽ പ്രവൃത്തികാരണമല്ല, അല്ലെങ്കിൽ കൃപ കൃപയല്ല എന്നാണ്. ഇങ്ങനെ കൃപയാൽ രക്ഷപെട്ട ജനം വീണ്ടെടുത്ത കരുണാവാരിധിയായ ദൈവത്തെ സ്തുതി സ്തോത്രങ്ങളോടെ വാഴ്ത്തിക്കൊണ്ടു് നിത്യതയോളം നന്ദി പ്രദർശിപ്പിക്കേണ്ടതാണ്.

പട്ടത്വ സഭകൾ ദൈവകൃപയെക്കുറിച്ചു് പ്രസംഗിക്കാറുണ്ടെങ്കിലും കൃപ ലഭിക്കുന്നതിനു് കൂദാശകൾ എന്ന പേരിൽ ചില നിർദ്ദിഷ്ട കർമ്മ മാർഗ്ഗങ്ങൾ സ്ഥാപിച്ചു് അവയിൽ ശുശ്രൂഷിപ്പാൻ നിർദ്ദിഷ്ടാധികാരികൾ എന്ന ഭാവേന ചില പുരോഹിതസ്ഥാനികളേയും നിയമിച്ചു് അങ്ങനെ കൃപ,കർമ്മഫലമാക്കിത്തീർത്തിരിക്കയാണ്. നിശ്ചിത കർമ്മങ്ങൾക്കു് നിശ്ചിത ഫീസുംകൂടി ഒടുക്കേണ്ടിവരുമ്പോൾ രക്ഷ ദൈവത്തിന്റെ ദാനം എന്ന വേദപ്രഖ്യാപനം അമ്പേ! തെറിച്ചു് ദൂരെ പോയി വീഴുകയാണ്. ദൈവ കൃപയെ മറന്നു് ലക്ഷങ്ങൾ കർമ്മമാർഗ്ഗങ്ങളിൽ അഭയം തേടുമ്പോൾ ഞാൻ കൃപയാൽ രക്ഷപെട്ടു, കൃപയാൽ ജീവിക്കുന്നു എന്നു് സമ്മതിച്ചുകൊണ്ടു് ഒരു സത്യക്രിസ്ത്യാനി മനം നിറഞ്ഞു് ദൈവകൃപയ്ക്കു് പാട്ടുകൾ പാടുന്നു. മാന്യവായനക്കാരാ, നീ എവിടെ നില്ക്കുന്നു കർമ്മമാർഗ്ഗത്തിലോ, കൃപയുടെ വഴിത്താരയിലോ?

ഗലാത്യലേഖനത്തിലും മററും കൃപയുടെ സുവിശേഷത്തിൽ ന്യായപ്രമാണത്തിന്റെ ചത്തകർമ്മങ്ങൾ കടത്തിവിടുവാൻ ശ്രമിക്കുന്നവർക്കെതിരെ വിശുദ്ധ

പൗലോസ് ആത്മീയഭാഷയിൽ സമരഭേരി മുഴക്കുന്നു. രണ്ടാം നൂററാണ്ടുമുതൽ കാൽവറി രക്തത്തിന്റെ സ്ഥാനത്ത് ചത്ത കർമ്മങ്ങളും കൃപയുടെ ദൈവവാക്യങ്ങൾക്കു പകരം വ്യർത്ഥമായ തത്വജ്ഞാന വചനങ്ങളും കടന്നു കൂടാൻ തുടങ്ങി. എല്ലാസ്ഥലത്തും ദൈവ സേവചെയ്യാമായിരിക്കെ സങ്കീർണ്ണ ഭാഗങ്ങളോടു കൂടിയ അക്ഷരീയ ദേവാലയങ്ങൾ ആരാധനക്ക് അത്യന്താപേക്ഷിതം എന്ന് സിദ്ധാന്തിക്കുകയും തൈലം പുരട്ടി അധികാര മൊഴികൾ ചൊല്ലി അവയെ ഉറപ്പിക്കുന്നു എന്നഭാവേന അധികാരവസ്ത്രം ചാർത്തിയ വൈദീക നാമധാരികൾ അവയെ ജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തു. ബാബിലോന്യ പശ്ചാത്തലത്തിൽനിന്ന് ലോകമെങ്ങും വ്യാപിച്ച നിർജ്ജീവകർമ്മങ്ങൾ ഹിന്ദുമതവലയത്തിൽ ധാരാളം അടിഞ്ഞു കിടക്കുന്നതായി കാണാം. ചത്ത മത്സ്യത്തിന്മേൽ സമുദ്രജലത്തിലുള്ള ലവണാംശം കടന്നുകയറുന്നതു പോലെ ആത്മീയ ജീവൻ കെട്ടടങ്ങിയ സഭകളിൽ ചത്തകർമ്മങ്ങൾ കയറിക്കൂടുവാൻ തുടങ്ങി. പട്ടത്വസഭകൾ ഹിന്ദുമതത്തോട് തോൾ ചേർന്നു നിന്ന് വിഗ്രഹാരാധന നടത്തുകയും കർമ്മ ബഹുലതകൾ സൃഷ്ടിക്കുകയും രക്ഷയുടെ സുവിശേഷം നീക്കിവച്ച് ഈ ലോകത്തിന്റെ തത്വജ്ഞാനം പ്രചരിപ്പിക്കുകയും ചെയ്യുന്ന കാഴ്ച ഹാ! എത്ര ദയനീയം. 91-ാം സങ്കീർത്തനം പാടി രാവിലും പകലിലും യാതൊരു വാനഗോളത്തെയും പ്രകൃതി ശക്തിയെയും പേടിക്കയില്ലെന്ന് വീരവാദം മുഴക്കുന്ന പള്ളിയാരാധനക്കാരൻ തിങ്കളാഴ്ച പ്രഭാതത്തിൽ രാഹുവേള കഴിഞ്ഞുമാത്രമേ വിവാഹയാത്രക്ക് ധൈര്യപ്പെടുകയുള്ളു. ഇവരുടെ മാർഗ്ഗം എന്തൊരു മാർഗ്ഗം! ഇവർ ആരാധിക്കുന്ന ദൈവം എത്ര ബലഹീനൻ! മാസാദ്യ ദിനത്തിലെ ശകുനം ഭാഗ്യം എന്നിവയിൽ അവർ പിടിച്ചു തൂങ്ങുന്നു. ദുർദ്ദിവസങ്ങളെ ഭയപ്പെടുന്നു. ഭൂതബാധയൊഴിക്കാൻ ഏലസ്സുകൾ ജപിച്ചുകെട്ടുന്നു. ക്ഷുദ്രപ്രയോഗങ്ങൾ നടത്തുന്നു. ഇടയ്ക്കിടെ ദേവാലയകർമ്മങ്ങളിലും പങ്കുകൊള്ളുന്നു. ഇങ്ങനെ ദൈവത്തേയും പിശാചിനേയും ഒന്നിച്ചു സേവിക്കാമെന്ന് പഠിപ്പിക്കുന്നു. എവിടെയെങ്കിലും സത്യസുവിശേഷപ്രസംഗം ഒരുത്തൻ കേട്ടുപോയാൽ ബിഷപ്പന്മാർ അയാളെ മുടക്കിന്റെ വജ്രായുധം വീശി ഭയപ്പെടുത്തുന്നു. അതേ സമയം മാലയിട്ട് മലയ്ക്കുപോയി വന്ന സഭാമക്കളെ സഹർഷം സ്വാഗതം ചെയ്യുന്നു. അന്ത്യകാലലക്ഷണങ്ങൾ എത്രയോ ഒത്തിരിക്കുന്നു! എങ്ങും എവിടെയും വിശ്വാസത്യാഗം തന്നെ.

സമുദായങ്ങളിലെ കർമ്മബഹളങ്ങൾ പോകട്ടെ, അവിടെ അതു് സംഭവിച്ചേ തീരൂ. കർത്താവിന്റെ വരവോളം അവർ അങ്ങനെ തന്നെ തുടരട്ടെ. എന്നാൽ യേശുവിന്റെ രക്തധാരയിൽ മുങ്ങി സൗജന്യരക്ഷകണ്ടെത്തിയ വേർപെട്ട സഹോദരങ്ങൾ കർമ്മ മേഖലകളിലേക്ക് തിരിച്ചു പോകുന്നതു കാണുമ്പോൾ ഹാ! എത്ര വളരെ ദുഃഖം ഉണ്ടാകുന്നു! ബ്രദറൺ സഹോദരങ്ങളുടെ ഇടയിൽ വെററില മുറുക്കും താലികെട്ടും മററും അവിടവിടെയായി നിലവിൽ വരുന്നതായി ഞാൻ കേട്ടു.

MGM Ministries-Article Source: Suviseshadwani -Jan & Feb 1977, Vol. 27 No.1 & 2, Page 3-7

നിജസ്ഥിതി അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു. വേഷത്തിലും ഭാവത്തിലും സമ്പൂ
ർണ്ണവിശുദ്ധിയും പരമത്യാഗവും അവകാശപ്പെടുന്ന സി. പി. എം സഭകൾ കൂലി
വീടിന്റെ ആശ്രയം വലിച്ചെറിഞ്ഞു് സ്വന്തമായ രാജകൊട്ടാരങ്ങൾ പട്ടണങ്ങൾ
തോറും പടുത്തുയർത്തുകയാണു്. ആരോ എന്നോടു് പറകയുണ്ടായി തമിഴ്നാട്ടിലും
മററും സർവ്വ ആഭരണങ്ങളോടും ഹൈന്ദവ വേഷങ്ങളോടും കൂടിയാണു് സി. പി.എം
വിശ്വാസികൾ കർത്തൃമേശയിലും മററും പങ്കെടുക്കുന്നതെന്നു്. ഇതിന്റെ ഒരു മറുപടി
അവർ തന്നെ ഒന്നു് പറഞ്ഞുകേൾക്കാൻ ആഗ്രഹിക്കുന്നു. അടുത്ത നാളിൽ കൽ
ക്കട്ടാ നഗരത്തിൽ ഒരുവൻ സൗധം പടുത്തുകെട്ടുന്നതായി കണ്ടു. ബോർഡു് വായി
ച്ചപ്പോൾ പ്രമുഖ പെന്തക്കോസ്തു സഭയായ അസംബ്ളീസ് ഓഫ് ഗോഡിന്റെ
ആഭിമുഖ്യത്തിൽ സ്ഥാപിക്കാൻ പോകുന്ന ഒരു വലിയ ആശുപത്രി കെട്ടിടമാണു്.
ആദ്യം ഞാൻ എന്റെ കണ്ണുകളെ വിശ്വസിച്ചില്ല, സൂക്ഷ്മ പരിശോധനയിൽ
വേദനാ പൂർവ്വം എനിക്കാ സത്യം സമ്മതിക്കേണ്ടി വന്നു. ഹാ! ഒരു ബലഹീന
വിശ്വാസി രോഗശാന്തി വിശ്വാസം പിടിച്ചു നിൽക്കാൻ കഴിയാതെ ചികിത്സയ്ക്കു്
വിധേയനാകുന്നതുപോലെയാണോ യേശുക്രിസ്തു രോഗികളെ സൗഖ്യമാക്കുന്നു എന്നു്
കനത്ത ബാനറുകൾ വലിച്ചുകെട്ടി കവലകൾ മുഴങ്ങുമാറു് ഗർജ്ജിക്കുന്ന പെന്തക്കോസ്തു
സഭകൾ മുൻകൈയെടുത്തു് ആശുപത്രി കെട്ടിടങ്ങൾ പണിതുയർത്തുന്നതു്? ഇതാണു്
ഗതിയെങ്കിൽ ദയവു ചെയ്തു് വിശ്വാസത്താലുള്ള രോഗശാന്തി പ്രസംഗം അവസാ
നിപ്പിച്ചു് ബ്രദറുകാരും മററും രോഗശാന്തിയെപ്പററി സ്വീകരിക്കുന്ന നിലപാടു്
വകവച്ചുകൊടുക്കയായിരിക്കും ഉചിതം അതായിരിക്കും സത്യം. വ്യാജഭാവമെല്ലാം
ദൈവം വെറുക്കുന്നു.

ഇതു മാത്രമോ? ചില പെന്തക്കോസ്തുസഭകളിൽ നഖത്തിനു് പോളിഷുമിട്ടു്
ഷാമ്പൂപുരട്ടി പാറിപ്പറത്തിയ മുടിയും ചാർത്തി നഗ്നതയെ മാടിവിളിക്കുന്ന മിനി
വേഷങ്ങളും ശരീരങ്ങളിൽ പ്രതിഷ്ഠിച്ചു് താളമേളങ്ങളോടു കൂടിയ കലാപരിപാടി
കളും നൃത്തനാടകങ്ങളും മററും മററും അരങ്ങേറുന്നതായി കേട്ടപ്പോൾ കർത്താവിന്റെ
വരവു് അടുത്തു പോയല്ലോ എന്നു് സമാധാനിക്കുകയാണു് ചെയ്തതു്. ഹാ! ലജ്ജാകരം
ഒരു പെന്തക്കോസ്തു വൈദിക കോളേജിൽ ക്രിസ്തുമസ്സിനു് പുൽത്തൊഴുത്തുണ്ടാക്കി
ഉണ്ണി ഈശോയെ നിർമ്മിച്ചു് അതിൽ പ്രതിഷ്ഠിച്ചു് അങ്ങനെ ആർഭാടം ആചരി
ച്ചതായി അറിഞ്ഞു. സത്യം എങ്കിൽ ഭയങ്കരം. ഇതിൽ ഭേദം പഴയ സമുദായത്ത
റവാടുകളിലേക്കു് മടങ്ങിച്ചെല്ലുന്നതാണു്. തർക്കമില്ല. ഹിപ്പികളെ ആകർഷിക്കാൻ
ടി. എൽ ഓസ്ബോണും മററും ഹിപ്പിവേഷം ചാർത്തി പ്രസംഗിക്കുന്നതായി ഒരു
ചിത്രം കണ്ടു. അപ്പോഴാണു് പാമ്പാടിക്കാരൻ വല്യപ്പന്റെ കഥ ഓർമ്മയിൽ
വന്നതു്. മദ്യപനായ സ്നേഹിതനെ മദ്യസേവയിൽ നിന്നു് വിടർത്തിയെടുക്കുവാൻ
വല്യപ്പൻ കിണഞ്ഞു പരിശ്രമിച്ചു. കൂട്ടുകാരനോടു് ചേർന്നു് യാത്രചെയ്തു, കാളച്ചന്ത

MGM Ministries-Article Source: Suviseshadwani -Jan & Feb 1977, Vol. 27 No.1 & 2, Page 3-7

കുടിതിരിച്ചുവരുമ്പോൾ ഷാപ്പിന്റെ മുൻപിൽ കൂട്ടുകാരൻ തങ്ങി നിന്നു. അവനെ നേടുവാൻ വല്യപ്പനും നിന്നു. സ്നേഹിതൻ ഷാപ്പിൽ കയറി, വല്യപ്പനും കയറി സ്നേഹിതൻ ബഞ്ചിലിരുന്നു. വല്ല്യപ്പനും ഇരുന്നു. സ്നേഹിതൻ രണ്ടുപാത്രം ഓർഡർ ചെയ്തു. വല്യപ്പൻ ഒന്നു സംശയിച്ചു, ഒടുവിൽ കൂട്ടുകാരനെ നേടേണ്ടതിന് കുടിച്ചു, ഇങ്ങനെയുള്ള ഒരുപാടു നേട്ടങ്ങൾ അവിടവിടെയായി നടക്കുകയാണ്!! എന്നാൽ ഇതല്ല ദൈവീക മാർഗ്ഗം. തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറച്ചുനിന്ന് വീര്യം പ്രവർത്തിക്കും. പഴയനിയമത്തിലെ യൗസേഫ് മേൽ വസ്ത്രം വിട്ടുകൊടുത്തുകൊണ്ട് തന്റെ ചാരിത്ര്യം പരിരക്ഷിക്കാൻ ഓടി. മിസ്രയീമ്യ ജയിലിൽ വ്യഥയനുഭവിച്ചു. ഒടുവിൽ കർത്താവ് ചരിത്രം തിരുത്തിയെഴുതി. പോയ വസ്ത്രത്തേക്കാൾ വിലയേറിയ സ്വർണ്ണ സരപ്പളി ഫറവോൻ അവന്റെ കഴുത്തിൽ ചാർത്തി, കൽത്തുറുങ്കിൽ നിന്ന് രാജകീയ രഥത്തിലേക്ക് അവൻ നടന്നുകയറി. തന്നെ മുട്ടുകുത്തിക്കുവാൻ ശ്രമിച്ചവരെല്ലാം അവന്റെ പാദപീഠത്തിലെ പൊടി മുത്തം ചെയ്തു. ഇനിയും കാണുക. പേരുമാററി വിഗ്രഹാർപ്പിത ഭക്ഷണം തീററി: ആരാധന കുഴച്ച് ദാനിയേലിനെ വഴിതെററിക്കുവാൻ ഒരു സാമ്രാജ്യവും അതിലെ അധിപതിയും അഹോരാത്രം പണിചെയ്തിട്ടും സിംഹക്കുഴിയെ വരിച്ചുകൊണ്ട് ദാനിയേൽ ദൈവത്തോട് ചേർന്നു നിന്നതിനാൽ രാജാവിന് ദീർഘായുസ്സ് നേരുന്ന ദാനിയേലിനെ കണ്ട് പരിഭ്രമിച്ച് പതറി ദാനിയേലിന്റെ ദൈവം ജീവിക്കുന്നു എന്ന് സംസ്ഥാനം ഒട്ടാകെ വിളംബരം ചെയ്‌വാൻ തക്കവണ്ണം സംഭവങ്ങളെ നിയന്ത്രിക്കുവാൻ സർവ്വശക്തന്റെ കരങ്ങൾ അവിടെ ഓടിയെത്തി, ദൈവജനമേ നമുക്ക് ആദർശങ്ങളിൽ ഉറച്ചു നിൽക്കാം. സ്വലാഭത്തിനായുള്ള കക്ഷിതന്ത്രങ്ങളും വചനവിരുദ്ധമായ പ്രത്യേക ഉപദേശങ്ങളും പരീശ ഭക്തിയുടെ വ്യാജ ഭാവങ്ങളും പാടെ പരിത്യജിക്കാം. മരണം വരട്ടെ അതിനപ്പുറത്ത് മഹത്തരമായ ഒരുയർപ്പുണ്ട്. അപ്പന്റെ ബലിപീഠം ഇടിച്ച് അശേര പ്രതിഷ്ഠയെ വെട്ടിനിയമപ്രകാരം ബലിപീഠം ഉയർത്തി യാഗം അർപ്പിച്ച ഗിദെയോൻ വിജയശേഷം തനിക്കും ജനത്തിനും കണിയായി ഏഫോദ് പ്രതിഷ്ടിച്ചതു പോലെ ചത്ത കർമ്മങ്ങൾ വിട്ടിറങ്ങിയ നമ്മൾ ഛർദ്ദിച്ചതു് തിരിഞ്ഞിരുന്ന് ഭക്ഷിക്കാൻ ഇടയാകാതെ ജീവിതത്തെയും വിശ്വാസത്തേയും മലിനീകരിക്കുന്ന അശുദ്ധിയുടെ കുമ്പാരങ്ങൾ വിട്ട് പരിശുദ്ധനെ നോക്കിക്കൊണ്ട് പരമവിളിയുടെ വിരുതിനായി ഓടിപ്പോകാം. ഒരു വ്യക്തിയേയും സമൂഹത്തേയും വേദനിപ്പിക്കുന്നതിനുവേണ്ടിയല്ല; കർത്താവിന്റെ കുന്തം ഏററ മാർവ്വിന്റെ വേദന ഒരല്പം ശമിപ്പിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഇത്രയും സംസാരിച്ചതു്. വേർപെട്ട ദൈവജനം വിട്ടോടേണ്ട വല്ല ചത്ത സമ്പ്രദായങ്ങളും ഇനി മറഞ്ഞു കിടക്കുന്നുണ്ടെങ്കിൽ അറിവുള്ള പ്രിയപ്പെട്ടവർ ലേഖനദ്വാരാ അതു് പ്രസിദ്ധീകരിക്കുവാൻ ആഹ്വാനം ചെയ്യുന്നു, സമാധാനത്തിന്റെ ദൈവം തന്നെ നമ്മെമുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ.

MGM Ministries-Article Source: Suviseshadwani -Jan & Feb 1977, Vol. 27 No.1 & 2, Page 3-7

[P. I. A.]